# കേരള കാർഷിക സർവ്വകലാശാല


കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
അഗ്രികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in&kauagmet@yahoo.co.in


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളംജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 41/2021 (82)വെള്ളിയാഴ്ച — തീയ്യതി 08.10.2021

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 09.10.2021 | 10.10.2021 | 11.10.2021 | 12.10.2021 | 13.10.2021 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 10 | 10 | 20 | 20 | 40 |
| ഉയർന്ന താപനില (°C) | 31 | 31 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 2 | 3 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 210 | 210 | 230 | 210 | 360 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 8 |

ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ സാമാന്യം ഭേദപ്പെട്ട **മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും** സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

## കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ:**വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യം ഉറപ്പു വരുത്തുക. **മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്താവൂ.** | | |
| നെല്ല് (മുണ്ടകൻ) | നിലം ഒരുക്കൽ | മുണ്ടകൻ കൃഷി ഇറക്കുന്ന കോൾ പാടങ്ങളിൽ നിലം ഒരുക്കി കുമ്മായം ഇട്ടുകൊടുക്കുകയും, ഞാറ്റടി തയ്യാറാക്കുകയും ചെയ്യാവുന്നതാണ്. ഞാറ്റടി തയ്യാറാക്കുന്നതിനു മുൻപ് വിത്ത് സ്യൂഡോമോണോസുമായി കൂട്ടികലർത്തുന്നത് രോഗബാധയകറ്റുന്നതിനു സഹായിക്കും. (ഒരു കിലോഗ്രാം വിത്തിന് പത്ത് ഗ്രാം സ്യൂഡോമോണാസ് എന്ന തോതിൽ കലർത്തുക). |
| | കുഴൽപ്പുഴു | മഴക്കാലത്ത് നെൽപ്പാടങ്ങളിൽ കുഴൽപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. വെള്ളം വാർത്തു കളഞ്ഞ് ഒരു ഏക്കറിന് 25 കി.ഗ്രാം അറക്കപ്പൊടിയിലോ ഉമിയിലോ ഒരു ലിറ്റർ മണ്ണെണ്ണ ചേർത്ത് പാടത്ത് വിതറുക. |
| തെങ്ങ് | പരിചരണം | ഒരു വർഷത്തേക്കുള്ള രാസവള പ്രയോഗത്തിന്റെ രണ്ടാം ഗഡു ,ജലസേചന സൗകര്യമുള്ള തെങ്ങുകൾക്ക് 550 ഗ്രാം യൂറിയ, 700 ഗ്രാം രാജ്ഫോസ്, 800ഗ്രാം പൊട്ടാഷ് വീതവും മഴയെ ആശ്രയിച്ചു കൃഷി ചെയ്യുന്ന തെങ്ങുകൾക്ക് 500 ഗ്രാം യൂറിയ 800 ഗ്രാം രാജ്ഫോസ്, ഒരു കിലോ പൊട്ടാഷ് എന്നിവ തെങ്ങൊന്നിന് ഇട്ടുകൊടുക്കാവുന്നതാണ്. |
| കവുങ്ങ് | മഹാളി രോഗം | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക. പൂർണ്ണമായും രോഗം ബാധിച്ച മരങ്ങൾ നശിപ്പിക്കുക.പ്രതിരോധ നടപടിയായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. അല്ലെങ്കിൽ രണ്ട് ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് 45 ദിവസത്തെ ഇടവേളകളിൽ തളിച്ചു കൊടുക്കുക. |
| മഞ്ഞൾ | ഇലകരിച്ചിൽ രോഗം | മഞ്ഞളിൽ ഇലകരിച്ചിൽ രോഗം നിയന്ത്രിക്കുന്നതിനായി രണ്ട് മില്ലി ഹെക്സാകൊണാസോൾ (കോൺടാഫ്), ഒരു മില്ലി പ്രൊപ്പികൊണാസോൾ (റ്റിൽറ്റ്), രണ്ടര ഗ്രാം കോപ്പർഓക്സിക്ളോറൈഡ് (ബിൽടോക്സ്/ബ്ലൂകോപ്പർ), രണ്ട് ഗ്രാം സാഫ് എന്നിവയിൽ ഏതെങ്കിലും ഒരു മരുന്ന് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. രോഗത്തിന്റെ തീവ്രതയനുസരിച്ച് രണ്ടാഴ്ച കൂടുമ്പോൾ മരുന്ന് തളി തുടരാവുന്നതാണ്. |
| ഇഞ്ചി | തണ്ടുതുരപ്പൻ | ഇഞ്ചിയിൽ തണ്ടുതുരപ്പന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു പ്രതിവിധിയായി ബ്യൂവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| | മൂടുചീയൽ | മഴപെയ്യുന്ന സാഹചര്യത്തിൽ ഇഞ്ചിയിൽ മൂടുചീയൽ രോഗം വ്യാപിക്കാതിരിക്കാൻ മൂന്ന് മീറ്റർ സ്ക്വയർ ബെഡിന് 15 ഗ്രാം ബ്ലീച്ചിങ്ങ് പൗഡറും 250 ഗ്രാം കുമ്മായവും കൂട്ടി കലർത്തി തടത്തിൽ ഇട്ടുകൊടുക്കാവുന്നതാണ്. |
| മൃഗസംരക്ഷണം | കാലിതീറ്റയിൽ പൂപ്പൽ പടരാതിരിക്കാൻ വെയിലത്ത് ഉണക്കേണ്ടതാണ്. ചെള്ള്, ഈച്ച, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്ക് എതിരെ ജാഗ്രത പുലർത്തണം. (caadeccs, kvasu,മണ്ണുത്തി) | |

(Information given by RRS Vyttila)